26-7-2021-ലെ G.O. (Rt.) No.1555/2021/H&FWD പ്രകാരം ആരോഗ്യ വകുപ്പിനുകീഴിൽ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും 'ഐസൊലേഷൻ വാർഡ്' സ്ഥാപിക്കുന്നതിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ മങ്കട സി.എച്ച്.സി.-യെ ആണ് തെരഞ്ഞെടുത്തിരിക്കുന്നത്. സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു റവന്യൂ ബ്ലോക്കിലെ ഒരു സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽനിന്നും മങ്കട റവന്യൂ ബ്ലോക്കിലെ മങ്കട സി.എച്ച്.സി.-യെ 1-8-2021-ലെ സ.ഉ.(സാധാ)നം. 1633/2021/ആ.കു.വ. പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

ഇ-സഞ്ജീവനി പദ്ധതി

142 (3169) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ഗ്രാമീണമേഖലയിലുള്ള ആരോഗ്യ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനായി കേന്ദ്ര സർക്കാർ പൊതുജനങ്ങൾക്കായി ആരംഭിച്ച പദ്ധതിയാണ് ഇ-സഞ്ജീവിനി ടെലിമെഡിസിൻ പ്ലാറ്റ്ഫോം. C-DAC മൊഹാലിയാണ് ഈ പ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുന്നത്. 2020 ജൂണിൽ ഇ-സഞ്ജീവിനി ടെലി മെഡിസിൻ സേവനങ്ങൾ കേരളത്തിൽ ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് സേവനങ്ങൾ നൽകിവരുന്നത്. കൂടാതെ സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ദിശയാണ്. പ്ലാറ്റ്ഫോമിൽ സേവനങ്ങൾ നൽകുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 4177 ഡോക്ടർ ഇ-സഞ്ജീവിനിയിൽ സേവനങ്ങൾ നൽകിവരുന്നു. എന്നാൽ ലോക്ക്ഡൗൺ സമയത്തും കോവിഡ് വ്യാപന സമയത്തും ദിവസേന 2000-ത്തിൽക്കൂടുതൽ പരിശോധനകളാണ് നടന്നത്. 2021 ജൂലൈ 28 വരെ 22010 കൺസൾട്ടേഷനുകളാണ് ഇ-സഞ്ജീവനിയിലൂടെ പൂർത്തിയാക്കിയത്. സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ പ്രതിദിനം ശരാശരി 800-1100 ആളുകൾക്ക് ഇ-സഞ്ജീവിനി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നു. 6 മിനിറ്റ് 42 സെക്കന്റ് സമയമാണ് ഒരു പരിശോധനയ്ക്കായി മാത്രം ശരാശരി ചെലവിടുന്നത്. കാത്തിരുപ്പ് സമയം 5 മിനിട്ട് 33 സെക്കന്റായി കുറയ്ക്കാൻ ഇ-സഞ്ജീവനിയിൽ ഒരുക്കിയ പുതിയ സംവിധാനം സഹായിച്ചു. സാങ്കേതികത്തികവുകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം പ്രവർത്തന മികവുകൊണ്ടും ഇ-സഞ്ജീവനിയിൽ വലിയ മാറ്റമാണ് വരുത്തിയിരിക്കുന്നത്. നിലവിൽ ടെലിമെഡിസിൻ വഴിയുള്ള ഇ-പ്രിസ്ക്രിപ്ഷനും ലാബ് അന്വേഷണവും ഒത്തുചേർന്ന് പോകുന്നു. ടെലിമെഡിസിൻ പ്ലാറ്റ്ഫോം വഴി കൺസൾട്ടേഷന് വിധേയരായ രോഗികൾക്ക് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽനിന്ന് മരുന്ന് നേടാം. കൂടാതെ ഇ-കുറിപ്പടി അല്ലെങ്കിൽ ഇ-അഭ്യർത്ഥനയുമായി വരുന്നുണ്ടെങ്കിൽ ലാബ് അന്വേഷണവും നടത്താം. കൂടാതെ, ഡോക്ടർമാരിൽ നിന്നും സ്ഥാപന മേധാവികളിൽനിന്നും സമ്മതം വാങ്ങിയശേഷം, ഓരോ ഷിഫ്റ്റിലും 90-ലധികം ഡോക്ടർമാർക്ക് ഓരോ ദിവസവും ഡ്യൂട്ടി ചുമതലപ്പെടുത്തി. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിന്നുമുള്ള ഡോക്ടർമാരും ഇ-സഞ്ജീവനി പ്ലാറ്റ്ഫോം വഴി സേവനം നൽകുന്നു. ആരോഗ്യ വകുപ്പിലെ വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകുന്ന സ്പെഷ്യാലിറ്റി ഒ.പി.-കൾ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുമുണ്ട്. സൈക്യാട്രി, ശിശുരോഗവിഭാഗം, ഹൃദ്രോഗവിഭാഗം, ജൈനക്കോളജി തുടങ്ങിയ സ്പെഷ്യാലിറ്റി, ഒ.പി. സേവനങ്ങൾ ഇത്തരത്തിൽ നൽകുന്നുണ്ട്. മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, കൊച്ചിൻ ക്യാൻസർ സെന്റർ, ഇംഹാൻസ് കോഴിക്കോട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റിക്സ്, തിരുവനന്തപുരം തുടങ്ങിയ കേരളത്തിലെ പ്രശസ്തങ്ങളായ വിവിധ പൊതുമേഖല ആരോഗ്യ സ്ഥാപനങ്ങൾ ഒ.പി.കൾ ഇ-സഞ്ജീവനി വഴി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. 2021 മേയ് മാസത്തിൽ കോവിഡ് ഒ.പി. 24 മണിക്കൂറായി നീട്ടി.

(ബി) ടെലിമെഡിസിൻ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

രാജ്യത്തെ ആദ്യത്തെ ദേശീയ ഓൺലൈൻ വ്യക്തിസൗഹൃദ ടെലിമെഡിസിൻ വീഡിയോ കോൺഫറൻസ് സംവിധാനമാണ് ഇ-സഞ്ജീവനി. ഈ ദശകത്തിലെ നിർണ്ണായകവും ശ്രദ്ധിക്കേണ്ടതുമായ ഒന്നാണ് സർക്കാർ നടത്തുന്ന ടെലിമെഡിസിൻ പ്ലാറ്റ്ഫോമായ ഇ-സഞ്ജീവനി. പൊതുജനങ്ങൾക്ക് അവരുടെ വീടുകളിൽനിന്ന് തന്നെ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. കുഞ്ഞുങ്ങളിലുണ്ടാകുന്ന വൈകല്യങ്ങളും അതുമായി ബന്ധപ്പെട്ട ചികിത്സയെക്കുറിച്ചും തുടർ ചികിത്സയെക്കുറിച്ചും കൂടാതെ വളർച്ച മുരടിപ്പും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ഓൺലൈൻ വഴി പരിഹാരം തേടാൻ കഴിയുന്ന ഡി.ഇ.ഐ.സി. ഒ.പി, കൗമാരക്കാരുടെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും സേവനം തേടാവുന്ന കൗമാര ക്ലിനിക്ക്, സർക്കാർ മേഖലയിലെ സ്പെഷ്യാലിറ്റി ഡോക്ടർമാർ നേതൃത്വം നൽകുന്ന ഒ.പി.-യിലെ സേവനങ്ങൾ എന്നിവ വളരെയേറെ പ്രയോജനപ്രദമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിലെ അഡോളസന്റ് ക്ലിനിക്കിലെ കൗൺസിലർമാരും കൂടി ചേർന്നാണ് കൗൺസിലിംഗ് സേവനങ്ങൾ നൽകുന്നത്. ഇ-സഞ്ജീവനി സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഇപ്പോൾ ഫീൽഡ്തല ആരോഗ്യപ്രവർത്തകർ വഴിയും വോളന്റിയർമാർ വഴിയും ജനങ്ങളുടെ ഇടയിൽ കൂടുതൽ പ്രചാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നു. ഇ-സഞ്ജീവനി സേവനങ്ങൾ ഓരോ വ്യക്തിക്കും എങ്ങനെ ലഭ്യമാകുമെന്നും അതോടൊപ്പം അതെങ്ങനെ ഉപയോഗിക്കാമെന്നുമുള്ള നിർദ്ദേശങ്ങൾ ഭവന സന്ദർശന വേളകളിൽ ആരോഗ്യപ്രവർത്തകർ ഭവനങ്ങളിലെ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് നൽകുന്നതായിരിക്കും.

(സി) ഇ-സഞ്ജീവനി പദ്ധതിയുടെ സേവനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-സഞ്ജീവനി സേവനങ്ങൾ വിപുലീകരിക്കുന്നതിനായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഡോക്ടർ ടു ഡോക്ടർ കൺസൾട്ടേഷൻ ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി പോലുള്ള ആശുപത്രികളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഇ-സഞ്ജീവനിയിലൂടെ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി

143 (3170) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി വിപുലീകരിക്കേണ്ട ആവശ്യകത പരിഗണിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 മുതലാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്. 2018-19 വർഷം പുതുക്കിയ RSBY കാർഡ് ഉള്ള കുടുംബങ്ങൾ, 2011-ലെ സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ് (SECC) ഡാറ്റ പ്രകാരം അർഹരായവർ എന്നീ വിഭാഗങ്ങൾ ആണ് KASP പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിൽ 41,62,956 (നാൽപ്പത്തി ഒന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി തൊള്ളായിരത്തി അൻപത്തിയാറ്) ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളാണ്. കേരളത്തിൽ കാസ്പ് പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ പദ്ധതിയായ ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (ABPMJAY) പദ്ധതിയുമായി സഹകരിച്ചാണ്. നിലവിൽ അർഹരായ കുടുംബങ്ങൾ പദ്ധതിയിൽ ചേരാത്ത സാഹചര്യത്തിൽ ഈ കുടുംബങ്ങൾക്ക്